SANDESA NILAYAM CHANGANACHERRY

# സന്ദേശനിലയം
## ചങ്ങനാശ്ശേരി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

# വിശ്വാസോത്സവം – 2024

## പ്രൈമറി വിഭാഗം

# അദ്ധ്യാപകസഹായി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

## പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

ഈ വർഷത്തെ വിശ്വാസോത്സവവിഷയം കുടുംബ കേന്ദ്രീകൃതമാകയാൽ ഓരോ സൺഡേസ്കൂളുകളും അവരുടെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാതാപിതാക്കളും കുട്ടികളും ഒന്നിച്ചു വരുന്ന രീതിയിലുള്ള പരിശീലന പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നത് ഉചിതമായിരിക്കും. (ഉദാ: മാതാപിതാക്കളും മക്കളും ഒന്നിച്ചുള്ള വി. കുർബാന, ക്ലാസുകൾ, കുടുംബ അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ, ക്ലാസ് അടിസ്ഥാനത്തിലുള്ള കുടുംബസമ്മേളനങ്ങൾ, ഇടവകയിലെ ഏറ്റവും സീനിയർ ആയിട്ടുള്ള ദമ്പതികളെ പരിചയപ്പെടുത്തൽ, അവരുടെ പങ്കുവയ്ക്കൽ *etc.*)

വർക്ക്ബുക്കുകളിലെ ചില പ്രവർത്തനങ്ങൾ (ആക്റ്റിവിറ്റി) മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പങ്കാളിത്തം കൂടെ ആവശ്യമുള്ളതാണ്. അവരുടെ സഹകരണത്തോടെ അത് പൂർത്തിയാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകസഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതിഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

മാതാപിതാക്കൾ ഇല്ലാത്തവരും, മാതാപിതാക്കളോടൊപ്പം താമസിക്കാത്തവരുമായ കുട്ടികൾ ക്ലാസുകളിൽ ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകം ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. കുടുംബത്തിലുള്ളവർ ഉൾപ്പെടുന്ന ആക്റ്റിവിറ്റികളിൽ മാതാപിതാക്കൾക്കു പകരമായി അവരെ ഇപ്പോൾ സംരക്ഷിക്കുന്നവരുടെ (Guardians) സഹായം തേടാൻ അത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം

ഓരോ സമ്മാനപ്പൊതികളുമായി ക്ലാസിലേക്ക് അദ്ധ്യാപകൻ എത്തുന്നു. കുട്ടികൾക്ക് ഓരോരുത്തർക്കോ ഗ്രൂപ്പിന് ഒരെണ്ണമോ എന്നതരത്തിൽ നൽകാം. കുട്ടികളുടെ കൈയിലെ സമ്മാനപ്പൊതിയ്ക്കുള്ളിൽ ഒരു കാർഡ് നിർമ്മിക്കാനുള്ള പേപ്പറും കൂടെ ദൈവത്തിന്റെ ദാനമായ വ്യക്തി (അമ്മ, അപ്പൻ, സഹോദരർ, വല്യപ്പനും വല്യമ്മയും, അദ്ധ്യാപകർ, കൂട്ടുകാർ) എന്നിങ്ങനെ എഴുതിയ പേപ്പർ കഷണവും നൽകുക. ദൈവം തന്ന സമ്മാനമാണ് എന്ന് എഴുതി കാർഡ് നൽകാനും ഒരു ചെറിയ സമ്മാനം സമ്മാനപ്പൊതിക്കുള്ളിലാക്കി നൽകാനും കുട്ടികളോട് പറയുക.

**ആക്റ്റിവിറ്റി 3**

തോബിത്തിന്റെ പുസ്തകം അദ്ധ്യാപകർ നന്നായി വായിക്കുക കുട്ടികൾക്ക് മനോഹരമായി കഥ അവതരിപ്പിക്കുക. കഥ അവരെക്കൊണ്ട് വായിപ്പിക്കുകയും ചിത്രത്തിന് നിറം നൽകാനും ആവശ്യപ്പെടുക.

**ആക്റ്റിവിറ്റി 4**

പരിശുദ്ധ മറിയത്തിനും യൗസേപ്പിതാവിനും ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ടത് വിവരിക്കാം. ടാബ്ലോ ചെയ്യിക്കാം. ഗ്രൂപ്പിന് ഉചിതമായ മാർക്ക് നൽകാം.

**ആക്റ്റിവിറ്റി 5**

ഈശോയോടുള്ള സ്നേഹം വളർത്താം. ഈശോയെ സ്നേഹിച്ച് വിശുദ്ധരാകാൻ പരിശീലനം നൽകാം. കത്ത് എഴുതാൻ പഠിപ്പിക്കാം.

**നമുക്കു പാടാം**

ലാലല്ല ലാലല്ല ലാലലാലല
ലാലല ലാലല ലാലലാലല
ഈശോ തന്നു ഹായ് ഹായ്
വീട് തന്നു ഹൊയ് ഹൊയ്
　　സ്നേഹമുള്ളോരപ്പനെയും അമ്മയേയും തന്നു
　　ഈശോ തന്നു ഹായ് ഹായ്
　　എനിക്കു തന്നു ഹൊയ് ഹൊയ്
　　കൈകൊട്ടിപ്പാടിടാം നൃത്തമാടീടാം

ഈശോയെപ്പോൽ ഹായ് ഹായ്
ഞാനുമാകും ഹൊയ് ഹൊയ്
തിരുക്കുടുംബംപോലെന്റെ വീടുമായിടാൻ
പ്രാർത്ഥിക്കും ഹായ് ഹായ്
അധ്വാനിക്കും ഹൊയ് ഹൊയ്
സ്നേഹമോടെ എല്ലാരേം അനുസരിക്കും ഞാൻ

## രണ്ടാം ദിവസം

ഏയ് കുടുംബം എന്റെ കുടുംബം
ഈശോ വസിക്കുന്ന സ്വർഗീയ കുടുംബം (2)
അപ്പനും അമ്മയും ഒന്നായി നിന്ന്
ഒന്നിച്ചു നയിക്കുന്ന സ്വർഗ്ഗീയ കുടുംബം
(ഏ... കുടുംബം എന്റെ)
അച്ഛനെയും അമ്മയെയും സ്നേഹിച്ചു മക്കൾ
ഒന്നിച്ചു നിൽക്കുന്ന സ്വർഗീയ കുടുംബം
(ഏ... കുടുംബം എന്റെ)
അമ്മ കാട്ടിത്തന്നു അച്ഛന്റെ കരുതൽ
അച്ഛൻ കാട്ടിത്തന്നു അമ്മയുടെ സ്നേഹം
(ഏ... കുടുംബം എന്റെ)

**ആക്ടിവിറ്റി 1**

തന്നിരിക്കുന്ന സംഭാഷണം കുട്ടികളെ രണ്ട് ഗ്രൂപ്പായി തിരിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ അഭിനയിക്കാൻ അവസരം നൽകുക. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഗ്രൂപ്പിന് മാർക്ക് നൽകുക

**ആക്ടിവിറ്റി 2**

കുട്ടികളെ രണ്ടു ഗ്രൂപ്പായി തിരിക്കുന്നു. ഗ്രൂപ്പിൽ ഉള്ള കുട്ടികൾക്ക് നമ്പർ നൽകുന്നു തുടർന്ന് നടുവിലായി ഒരു വൃത്തം വരച്ച് പുസ്തകത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ പേപ്പറിൽ എഴുതി ചുരുട്ടി ബോളായി നടുവിലെ വൃത്തത്തിൽ ഇടുക. രണ്ട് ഗ്രൂപ്പുകാരും വൃത്തത്തിന് അപ്പുറത്തും ഇപ്പുറത്തും മുഖത്തോട് മുഖം നോക്കി നിൽക്കുക തുടർന്ന് ടീച്ചർ കുട്ടികൾക്കു നൽകിയിരിക്കുന്ന ഒരു നമ്പർ വിളിക്കുക. രണ്ട് ഗ്രൂപ്പിൽ നിന്നും ആ നമ്പർ ഉള്ള ആൾ ഓടി വന്നു അകത്തെ വൃത്തത്തിനുള്ളിൽ നിന്നും ഏതെങ്കിലും ഒരു പേപ്പർ കഷ്ണം എടുത്തുകൊണ്ട് തിരികെ പഴയ സ്ഥലത്ത് പോയി നിൽക്കുക. തിരികെ പോയി ഇരിക്കുമ്പോൾ എതിർ ഗ്രൂപ്പിലെ അതേ നമ്പർ ഉള്ളയാൾ പേപ്പറു

മായി പോകുന്ന ആളെ തൊട്ടാൽ എതിർ ടീമിന് പോയിന്റ് ലഭിക്കും ആ പേപ്പർ എതിർ ടീമിന് നൽകുക. അത് വായിച്ച് നല്ലതാണ് എങ്കിൽ അത് ഞാൻ ചെയ്യും എന്ന് ഉറക്കെ പറഞ്ഞ് അവർ അത് ടീച്ചറിനെ ഏൽപ്പിക്കുക. മോശമാണെങ്കിൽ അതു ഞാൻ ഉപേക്ഷിക്കുന്നുവെന്ന് ഉറക്കെ പറഞ്ഞ് ടീച്ചറിന് നൽകുക. അകത്തെ പേപ്പർ മുഴുവൻ തീരുന്നതുവരെ കളി തുടരുക.

**ആക്ടിവിറ്റി 4**

തന്നിരിക്കുന്ന വചനഭാഗം മുറിച്ച് ഓരോ സെറ്റ് വീതം ഗ്രൂപ്പിന് നൽകുക. ബൈബിളിൽ നോക്കി വചനഭാഗം ക്രമമായി അടുക്കുവാൻ ആവശ്യപ്പെടുക. ആദ്യം അടുക്കി തീർക്കുന്ന ഗ്രൂപ്പിന് പോയിന്റ് നൽകാവുന്നതാണ്.

## മൂന്നാം ദിവസം

**ആക്ടിവിറ്റി 2**

സന്ധ്യാപ്രാർത്ഥനയിൽ കുട്ടുവും കുഞ്ഞാറ്റയും ചെയ്യേണ്ട 5 കാര്യങ്ങളും ചെയ്യരുതാത്ത ഏതാനും കാര്യങ്ങളും ബലൂണിൽ എഴുതുന്നു. കുട്ടികളെ 3 ഗ്രൂപ്പുകളായി തിരിച്ച് ഈ എഴുതിയ ബലൂൺ കുട്ടികൾക്ക് നൽകുന്നു. ടീച്ചർ വിസിലടിക്കുമ്പോൾ കുട്ടികൾ അത് ഊതി വീർപ്പിക്കുന്നു. അതിനു ശേഷം അവരവർക്ക് കിട്ടിയ ബലൂണിൽ എഴുതിയത് കുട്ടികൾ വായിക്കുന്നു. വീണ്ടും ഒരു വിസിലടിക്കുമ്പോൾ ശരിയായ കാര്യങ്ങൾ ചെയ്ത കുട്ടികൾ ഒന്നിച്ചു കൂടുന്നു. ആദ്യം ഒന്നിച്ചു കൂടുന്ന ഗ്രൂപ്പിന് score കൊടുക്കുന്നു. അതിനുശേഷം ബലൂണിൽ എഴുതിയിരിക്കുന്നത് ഓരോ ഗ്രൂപ്പും വായിക്കുന്നു.

**ആക്ടിവിറ്റി 4**

കുട്ടികളെ 3 ഗ്രൂപ്പുകളായി തിരിച്ച് കുടുംബപ്രാർത്ഥനയിൽ നിന്നും അകറ്റുന്ന കാര്യങ്ങളും അടുപ്പിക്കുന്ന കാര്യങ്ങളും അടങ്ങുന്ന ചിത്രങ്ങൾ കുട്ടികൾക്ക് നല്കുന്നു. ഇതിൽ നിന്നും കുടുംബപ്രാർത്ഥനയിലേയ്ക്ക് അടുപ്പിക്കുന്ന കാര്യങ്ങൾ അടങ്ങുന്ന ചിത്രങ്ങൾ തിരഞ്ഞെടുത്ത് ആദ്യം വായിക്കുന്ന ഗ്രൂപ്പിന് സ്കോർ നല്കുന്നു.



# ചാവരുൾ

ഹൊയ്യാരേ ഹൊയ് ഹൊയ് ഹൊയ്യാരേ
ഹൊയ്യാരേ ഹൊയ് ഹൊയ് ഹൊയ്യാരേ
ചാവറയച്ചൻ ഓതിയല്ലോ ചാവരുൾ
കുടുംബങ്ങൾക്കായ് നല്ല ചട്ടങ്ങൾ-2
ക്രിസ്ത്യാനിക്കുടുംബമത് സ്വർഗമാകണം
എളിമയോടെ എല്ലാർക്കും നന്മ ചെയ്യണം-2 (ഹൊയ്യാരേ...)

ശ്രദ്ധ വേണം ഹൊയ് ഹൊയ്
സ്നേഹം വേണം ഹൊയ് ഹൊയ്
ശ്രദ്ധ വേണം സ്നേഹം വേണം ക്രമവും വേണം
ദൈവസ്നേഹമുള്ളിൽ കത്തി നിൽക്കണം-2
അധ്വാനിക്കണം, വിദ്യനേടണം
ക്ഷമയോടെ കുറവു സഹിക്കവേണം-2 (ഹൊയ്യാരേ...)

ലുബ്ധ് വേണ്ട ഹൊയ് ഹൊയ്
ധൂർത്തും വേണ്ട ഹൊയ് ഹൊയ്
ലുബ്ധ് വേണ്ട ധൂർത്തു വേണ്ട ആഡംബരം വേണ്ട
സമ്പത്തു ദൈവത്തിൻ ദാനമാണല്ലോ-2
കട്ടവസ്തു കത്തും ദൈവപേടി വേണം
ദൈവവിളി വളരാൻ പ്രാർത്ഥിക്കണം-2 (ഹൊയ്യാരേ...)

## നാലാം ദിവസം

കുടുംബം നല്ല ശീലങ്ങളുടെ വിളനിലം

**1. ജിക്സോ പസ്സിൽ**

വർക്ക്ബുക്കിൽ നൽകിയിരിക്കുന്ന വീടിന്റെ ചിത്രം വലുതായി പ്രിന്റ് എടുത്ത് ജിക്സോ പസിൽ മാതൃകയിൽ മുറിക്കുക. കഴിയുന്നത്ര കൂടുതൽ ചെറിയ പീസുകളായി മുറിക്കുവാൻ ശ്രദ്ധിക്കുക. മുൻവശത്ത് വീടിന്റെ ചിത്രവും പിൻവശത്ത് തിരുകുടുംബത്തിന്റെ ചിത്രവും ആണ് പ്രിന്റ് ചെയ്യേണ്ടത്. കുട്ടികളോട് വീടിന്റെ ചിത്രം നേരെയാക്കുവാൻ ആവശ്യപ്പെടുക. ഏറ്റവും ആദ്യം ചെയ്തു തരുന്ന ഗ്രൂപ്പിന് പോയിന്റുകൾ അനൗൺസ് ചെയ്യുക. ചിത്രം നേരെയാക്കാൻ സാധിക്കാത്തവർക്ക് പിന്നിൽ കുടുംബത്തിന്റെ ഒരു ചിത്രം ഉണ്ടെന്നും അത് നേരെയാക്കാൻ ശ്രദ്ധിക്കുവാനും ആവശ്യപ്പെടാം. കുടുംബത്തിന്റെ ചിത്രം ശരിയായി അവതരിപ്പിക്കുമ്പോൾ വീടിന്റെ ചിത്രം പൂർണമായി തെളിഞ്ഞുവരുന്നത് കാണാം.

കുടുംബത്തിൽ ഈശോയ്ക്ക് ഒന്നാം സ്ഥാനം നൽകിയാൽ നമ്മുടെ വീടിന്റെ നാഥനായി ഈശോ എന്നെന്നും വാഴും എന്ന് കുട്ടികളെ പറഞ്ഞു മനസ്സിലാക്കാം. തുടർന്ന് വർക്ക് ബുക്കിൽ നൽകിയിരിക്കുന്ന നല്ല ശീലങ്ങൾ പേപ്പറിൽ എഴുതി വെട്ടിയെടുത്ത് വീടിന്റെ ചിത്രത്തിന് മുകളിൽ ഒട്ടിച്ച് ചിത്രം പൂർത്തിയാക്കാം. ഇത് ഗ്രൂപ്പിന്റെ പ്രോഡക്റ്റായി അവതരിപ്പിക്കുകയും വർക്ക് ബുക്കിൽ നൽകിയിരിക്കുന്ന ഭാഗത്തേക്ക് എടുത്തിടുന്നത് വഴി കുട്ടികളുടെ ഇൻഡിവിജ്വൽ പ്രോഡക്റ്റ് ആയി മാറുകയും ചെയ്യുന്നു.

**2. പ്രാർത്ഥന ദൈവത്തോടുള്ള സംസാരം.**

കുട്ടികളെ നിരനിരയായി നിർത്തുക. ഏറ്റവും പിന്നിൽ നിൽക്കുന്നയാളെ തിരിച്ചു നിർത്തി അധ്യാപകൻ / അധ്യാപിക നാല് ആക്ഷനുകൾ കാണിച്ചുകൊടുക്കുന്നു. സ്തുതി, നന്ദി, യാചന, ആരാധന എന്നീ ആശയങ്ങൾ വരുന്ന ആക്ഷനുകൾ ഒന്നിന് പിറകെ ഒന്നായി ഒറ്റ സ്ട്രച്ചിൽ കാണിച്ചതിനു ശേഷം മുൻപിൽ നിൽക്കുന്ന ആളെ അത് കാണിക്കുവാൻ പറയുന്നു. ഈ ഗെയിം നടക്കുമ്പോൾ സംസാരിക്കുവാൻ പാടുള്ളതല്ല. ആക്ഷൻ മാത്രമേ കാണിക്കാവു.

മുന്നോട്ടു മുന്നോട്ടു വരുമ്പോൾ ആദ്യം കാണിച്ചതിൽ നിന്ന് വ്യത്യസ്തമായി ആയിരിക്കും ആക്ഷനുകൾ പോവുക. ഏറ്റവും ഒടുവിൽ നിൽക്കുന്ന ആളെയും ഏറ്റവുമാദ്യം കാണിച്ചു കൊടുത്ത ആളെയും ഒന്നിച്ച് നിർത്തി എന്തായിരുന്നു യഥാർത്ഥ ആക്ഷൻ എന്നും എന്താണ് അവസാനം കാണിച്ചത് എന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.

നമ്മുടെ പ്രാർത്ഥന നാല് തലങ്ങൾ ഉൾപ്പെട്ടതായിരിക്കണം. ഒന്ന് ദൈവത്തിന് സ്തുതി അർപ്പിച്ചുകൊണ്ട്. രണ്ട് ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട്. മൂന്ന് നമ്മുടെ യാചനകൾ സമർപ്പിച്ചു കൊണ്ട്. നാല് നമ്മളിലൂടെ ദൈവത്തിന് ആരാധനയും സ്തുതിയും അർപ്പിക്കപ്പെടുവാൻ ഇടയാകണം എന്ന് പ്രാർത്ഥിച്ചു കൊണ്ട്.

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ ഈശോ പഠിപ്പിക്കുന്നതും ഈ നാല് തല പ്രാർത്ഥനയെ കുറിച്ചാണ്. എന്നാൽ നാം പ്രാർത്ഥിക്കുമ്പോൾ പല കാര്യങ്ങളും വിട്ടുകളയാറുണ്ട്. അത് ദൈവത്തിന് സ്തുതി അർപ്പിക്കുന്നതാകാം, നന്ദി പറയുന്നതാകാം, ആരാധിക്കുന്നതാകാം. പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾ യാചനകൾ മാത്രമായി പോകാറുണ്ട്. അവിടെയാണ് ഈശോ പഠിപ്പിച്ച പ്രാർത്ഥന പ്രസക്തമാകുന്നത് എന്ന് കുട്ടികളെ പറഞ്ഞു മനസ്സിലാക്കാം.

**3. ഒബ്സ്റ്റക്കിൾ ക്രോസിംഗ്**

ക്ലാസ് മുറിയിൽ ചിതറിയിട്ടിരിക്കുന്ന സാധനങ്ങൾക്കിടയിലൂടെ കണ്ണ് കെട്ടിയ ടീമിനെ നയിക്കുകയാണ്. വിതറിയിട്ടിരിക്കുന്ന ഒരു സാധനത്തിലും കാൽ തട്ടാതെ ഫിനിഷിംഗ് പോയിന്റ് കടക്കുകയാണ് ലക്ഷ്യം. അതിന് കൂട്ടുകാരുടെ സഹായമാണ് തേടേണ്ടത്.

ഇതുവഴി കൂട്ടുകാർ തെറ്റുകളിൽ വീഴാതെ കാക്കേണ്ടതും അവരെ നേർവഴിക്ക് നടത്തേണ്ടതും തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് കുട്ടികൾക്ക് തിരിച്ചറിവ് ലഭിക്കുന്നു.

## <u>അഞ്ചാം ദിവസം</u>

**ആക്ടിവിറ്റി 1**

### ചോദ്യോത്തര പയറ്റ്

കുട്ടികളെ രണ്ട് ഗ്രൂപ്പായി തിരിക്കുന്നു. കാനായിലെ കല്യാണവിരുന്നുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ കുട്ടികൾ കണ്ടെത്തുന്നു. അതിനുശേഷം പരസ്പരം ചോദ്യങ്ങൾ ചോദിക്കുന്നു കൂടുതൽ ഉത്തരം പറയുന്ന ഗ്രൂപ്പിന് പോയിന്റ് നൽകുന്നു

**ആക്ടിവിറ്റി 3**

### അഭിനയിക്കാം

ഈശോ സന്ദർശിച്ച വീടുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുവാൻ വേണ്ടി ബൈബിൾ പാസ്സേജ് കുറിയിട്ടു നൽ

കുന്നു. കുറി കിട്ടുന്ന ഗ്രൂപ്പുകാർ കിട്ടിയ ബൈബിൾ ഭാഗം സംഭാഷണമില്ലാതെ അഭിനയിച്ചു കാണിക്കുന്നു. മറ്റു ഗ്രൂപ്പുകാർ ഇത് ഏതാണ് ഭാഗമെന്ന് പറയുന്നു. ഏറ്റവും ആദ്യം കണ്ടെത്തിയ ഗ്രൂപ്പിന് പോയിന്റ് നൽകുന്നു. ഇങ്ങനെ ഓരോ ഗ്രൂപ്പുകാരും അവർക്ക് കിട്ടിയ ബൈബിൾ ഭാഗം അഭിനയിച്ച് കാണിക്കുന്നു.

**ആക്ടിവിറ്റി 4**

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചശേഷം ബലൂണിൽ വ്യക്തികളും ഗുണങ്ങളും എഴുതിയ പേപ്പർ ഇടുന്നു. ബലൂൺ കിട്ടിയ ഗ്രൂപ്പുകാർ ബലൂൺ പൊട്ടിച്ച് കൃത്യമായി ഉത്തരം കണ്ടെത്തി ബുക്കിലെഴുതുന്നു.

ഉദാ : സക്കേവൂസ് - പങ്കുവയ്ക്കൽ
മർത്താമറിയം - പ്രാർത്ഥനയും പ്രവർത്തനവും
പാപിനിയായ സ്ത്രീ - അനുതാപം
ജായ്റോസ് - ജീവനും സന്തോഷവും

**ആക്ടിവിറ്റി 5**

സംഭാഷണം ഓരോ ഗ്രൂപ്പിൽ നിന്നും രണ്ടുപേർ വീതം വന്ന് ഈശോയും സക്കേവൂസും തമ്മിലുള്ള സംഭാഷണം ഇന്നത്തെ കാലഘട്ടവുമായി ബന്ധപ്പെടുത്തി എങ്ങനെ അവതരിപ്പിക്കാം എന്ന് കാണിക്കുന്നു.

## ആറാം ദിവസം

തന്താന തന്താന തന്താനനോ
തന്താന തന്താന തന്താനനോ
ഇടവകയിലൊരുകുടുംബം
കൂട്ടായ്മ തൻകുടുംബം (2)
ബലിവേദി ചുറ്റും ഒന്നിച്ചുനില്ക്കും
സ്നേഹത്തിൻ ഇരിപ്പിടമാ
ഇത് ആനന്ദഭവനമല്ലോ (2)
തന്താന തന്താന തന്താനനോ

## ഏഴാം ദിവസം

സീറോമലബാർ സഭയെ കുറിച്ച് അടിസ്ഥാനപരമായ ചില ആശയങ്ങൾ കുട്ടികൾക്ക് നല്കുക എന്നതാണ് ഈ ദിവസത്തെ പ്രവർത്തനങ്ങളുടെ ലക്ഷ്യം.

**ആക്ടിവിറ്റി 1**

വർക്ക്ബുക്കിൽ കാണിച്ചിരിക്കുന്നതുപോലെ സീറോമലബാർസഭ എന്ന് കളർ പേപ്പറിൽ എഴുതി ഓരോ അക്ഷരമായി മുറിച്ചെടുക്കുക. സീറോമലബാർസഭ എന്ന് കിട്ടത്തക്കവണ്ണം അക്ഷരങ്ങളുടെ പുറകിൽ ക്രമനമ്പർ ഇടുക. നാല് സെറ്റ് അല്ലെങ്കിൽ എത്ര ഗ്രൂപ്പ് ആണോ ഉള്ളത് അത്രയും എണ്ണത്തിന് ക്രമീകരിക്കുക. അത് ഗ്രൂപ്പിൽ വിതരണം ചെയ്യാം. ടീച്ചർ ബെല്ലടിക്കുമ്പോൾ നാല് ഗ്രൂപ്പുകാരും അവരുടെ ഗ്രൂപ്പിൽ ലെറ്റേഴ്സ് കിട്ടിയവരെ 'സീറോ മലബാർ സഭ' എന്ന് കിട്ടത്തക്കവണ്ണം ക്രമീകരിച്ചു നിർത്തുക. ആദ്യം സെറ്റ് ആക്കുന്ന ക്രമത്തിൽ ഗ്രൂപ്പിന് പോയിന്റ് നൽകുക. അതിനുശേഷം ഒന്നാമത്തെ പ്രവർത്തനം ചെയ്യുക.

**ആക്ടിവിറ്റി 2**

12 ശ്ലീഹന്മാരെക്കുറിച്ചും അവരിലൂടെ ഈശോയുടെ സുവിശേഷം ലോകമെങ്ങും പരന്നതിനെക്കുറിച്ചും കുട്ടികളോട് സംസാരിക്കാം. ഭാരതത്തിൽ വന്നത് തോമാശ്ലീഹായാണ്. ഒരു ശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ചതുകൊണ്ട് ഭാരതസഭ ഒരു ശ്ലൈഹിക സഭയാണ്. തോമാശ്ലീഹാ ഈശോയെ അനുഭവിച്ചറിഞ്ഞത് ഉത്ഥിതനായ ഈശോ വന്ന് തന്റെ ചങ്കിൽ തൊട്ട് വിശ്വസിക്കാൻ ക്ഷണിച്ചപ്പോഴാണ്. അതുകൊണ്ട് തോമാശ്ലീഹായുടെ ആധ്യാത്മികതയിൽ ഉത്ഥാനത്തിന് വലിയ പങ്കുണ്ട്. തോമാശ്ലീഹാ നമുക്ക് പകർന്നു തന്ന അധ്യാത്മികതയിലും ഉത്ഥാനത്തിന് പ്രാധാന്യമുണ്ടെന്ന് വ്യക്തമാക്കി കൊടുക്കണം. തുടർന്ന് വർക്ക്ബുക്കിലെ സംഭാഷണം അവതരിപ്പിക്കുക.

**ആക്ടിവിറ്റി 3**

സീറോമലബാർ സഭയിലെ വിശുദ്ധരെയും നേതൃത്വത്തെയും പരിചയപ്പെടുത്തുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഓരോ ചിത്രങ്ങളും ക്ലാസ്സിൽ അവതരിപ്പിച്ച്, അതിനെക്കുറിച്ചു സംസാരിച്ചുകൊണ്ട് പ്രവർത്തനം കൂടുതൽ സജീവമാക്കാം.

**ആക്ടിവിറ്റി 4**

നമ്മുടെ അതിരൂപതയിലെ 18 ഫൊറോനകളുടെ പേര് അറിയാനും തങ്ങളുടെ പള്ളി ഏത് ഫൊറോനയിലാണെന്ന് തിരിച്ചറിയാനും സഹായിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. പ്രവർത്തനം കൂടുതൽ രസകരമാക്കാൻ 18 ഫൊറോനയുടെയും ചിത്രങ്ങളുടെ പുറകിൽ അവയുടെ പേരെഴുതി പല സ്ഥലങ്ങളിലായി ഒളിച്ചു വയ്ക്കുക. കണ്ടെത്താനായി ഓരോ

ഗ്രൂപ്പിൽ നിന്നും അഞ്ചു പേരെ വീതം തെരഞ്ഞെടുക്കാം. അടയാളം നൽകുമ്പോൾ അവർ പടം ശേഖരിച്ചു കൊണ്ടുവരണം. ഓരോ പടത്തിനും 50 പോയിന്റ് വെച്ച് സ്കോർ നൽകാം. ചിത്രങ്ങൾ കാണിച്ച് ഫൊറോനയുടെ പേര് പറഞ്ഞ് വർക്ക് ബുക്ക് ചെയ്യാൻ കുട്ടികളെ സഹായിക്കാം.

**ആക്ടിവിറ്റി 5**

വർക്ക്ബുക്കിൽ കൊടുത്തിരിക്കുന്ന മുദ്രാവാക്യങ്ങൾ ഗ്രൂപ്പുകളിൽ ആവർത്തിച്ച് ചൊല്ലിച്ചു ഉറപ്പിക്കണം ഉറക്കെചൊല്ലിച്ചും മനപ്പാഠമാക്കുന്നവരുടെ എണ്ണമനുസരിച്ച് സ്കോർ നൽകിയും കൂടുതൽരസകരമാക്കാം.

അടുത്ത പ്രവർത്തനം രക്ഷകർത്താക്കളുടെ സഹായത്തോടെ ചെയ്യാനുള്ളതാണ്. പിറ്റേ ദിവസം വരുമ്പോൾ പരിശോധിച്ചു സ്കോർ നൽകുക.

## എട്ടാം ദിവസം

**സഭ വിശ്വാസത്തിൽ ഒരു കുടുംബം**

താഴെ ഇലകളിൽകൊടുത്തിരിക്കുന്ന അക്ഷരങ്ങൾ ക്രമമായി കോളത്തിലേയ്ക്ക് എടുത്ത് എഴുതുക.

ഉത്തരം : 'സഭ വിശ്വാസത്തിൽ ഒരു കുടുംബം'

'കർത്താവായ ഈശോയിൽ വിശ്വസിക്കുക
നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും'
(അപ്പ. പ്രവർത്തനങ്ങൾ 16 : 31)

**ആക്ടിവിറ്റി 2**

പ്രാർത്ഥനാരൂപിയിലൂടെ വളരുന്ന കുടുംബങ്ങളുടെ ചിത്രങ്ങളുടെ നേരെ ടിക് ചെയ്യുക...

ചിത്രം 2, ചിത്രം 3, ചിത്രം 4

വീട്ടിൽ ഭക്ഷണം കഴിക്കുന്നതിന് മുൻപേ പ്രാർത്ഥിക്കുന്നത്, വീട്ടിൽ എല്ലാവരും ഒരുമിച്ചിരുന്ന് കുടുംബ പ്രാർത്ഥനയിൽ പങ്കടുക്കുന്നത്. ഒരുമിച്ചു എല്ലാവരും സന്തോഷത്തോടെ ആയിരിക്കുന്നത് എല്ലാം ഉത്തമ കുടുംബത്തിന്റെ ഉദാഹരണമാണ്.

**ആക്ടിവിറ്റി 3**

കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. കുടുംബം എന്നും ഐക്യമുള്ളതാവാൻ പ്രാർത്ഥന ആവശ്യമാണ്. അതിനായി ഒരു സ്വയം പ്രേരിത പ്രാർത്ഥന തയ്യാറാക്കുക.

ഉത്തരം : ദൈവമേ, എന്നെയും എന്റെ മാതാപിതാക്കളെയും അനുഗ്രഹിക്കണമേ, ഞങ്ങൾക്ക് നല്ല ആരോഗ്യം നൽകേണമേ, എല്ലാ ഉപദ്രവങ്ങളിൽ നിന്നും കാത്തുസൂക്ഷിക്കുകയും ചെയ്യുക. ഓ സ്നേഹമുള്ള ദൈവമേ, നിന്റെ സ്നേഹവും കരുതലുംകൊണ്ട് ഞങ്ങളുടെ കുടുംബത്തെ അനുഗ്രഹിക്കണമേ. *ആമ്മേൻ*

**ആക്ടിവിറ്റി 4**

താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തിന് നിറം കൊടുത്ത് മനോഹരമാക്കാം.

താഴെ തന്നിരിക്കുന്ന ഗാനം ഗ്രൂപ്പ് ആയി ആലപിക്കുക

ഈശോ വസിക്കും കുടുംബം
ഈശോ നാഥനായ് വാഴും കുടുംബം
ഈശോയിലെന്നും ജീവിതം കാണും
വ്യക്തികൾ പണിയും കുടുംബം
സ്നേഹം ധരിക്കും കുടുംബം
സ്നേഹ ദീപം ജ്വലിക്കും കുടുംബം
സ്നേഹം തുടിക്കുന്ന ജീവിതം പങ്കിടും
വ്യക്തികൾ വാഴും കുടുംബം
സ്വാർത്ഥം ത്യജിക്കാനുമേറെ
ത്യാഗ ചൈതന്യമുൾക്കൊണ്ടിടാനും
എല്ലാർക്കുമെല്ലാമായ് തീരാനും
വ്യക്തികൾ സന്നദ്ധരാകും കുടുംബം

കുടുംബങ്ങളുടെ മദ്ധ്യസ്ഥയാണ് വി. മറിയം ത്രേസ്യ. ഈ വിശുദ്ധയെപ്പറ്റി രക്ഷകർത്താക്കളോട് ചോദിച്ച് വിശുദ്ധ ഏറ്റവും പ്രാധാന്യം കൊടുത്തകാര്യം എന്തായിരുന്നു എന്നെഴുതാം ?

ഉത്തരം - കുടുംബങ്ങളുടെ വിശുദ്ധികരണം

**ആക്ടിവിറ്റി 5**

**വഴികണ്ടെത്താമോ ?**

ഉത്തരം :

വീട് - കുടുംബക്കൂട്ടായ്മ - ഇടവക - ഫൊറോന - രൂപത - അതിരൂപത - വ്യക്തിസഭ - തിരുസഭ


REDEMPTION JUBILEE MEMORIAL
XIX CENTENARY
1933-34
ചങ്ങനാശ്ശേരി
അതിരൂപത

# ചങ്ങനാശേരി അതിരൂപതയിലെ ഫൊറോന പള്ളികൾ


സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ചങ്ങനാശേരി


മാർ സ്ലീവാ പള്ളി ആലപ്പുഴ


സെന്റ് ജോർജ് പള്ളി, അമ്പൂരി


സെന്റ് മേരീസ് പള്ളി അതിരമ്പുഴ


സെന്റ് മേരീസ് ബസിലിക്ക ചമ്പക്കുളം (കല്ലൂർക്കാട്)


സെന്റ് ജോർജ് ചർച്ച് എടത്വാ (കോയിൽമുക്ക്)


ക്രിസ്തുരാജാ പള്ളി ആയൂർ


ലൂർദ്ദ് പള്ളി കോട്ടയം

# ചങ്ങനാശേരി അതിരൂപതയിലെ ഫൊറോന പള്ളികൾ


സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രം കുടമാളൂർ


സെന്റ് ആന്റണീസ് പള്ളി കുറുമ്പനാടം


ഹോളി മാഗി പള്ളി മണിമല


സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളി നെടുങ്കുന്നം


സെന്റ് മേരീസ് പള്ളി പുളിങ്കുന്ന്


ലൂർദ് പള്ളി തിരുവനന്തപുരം


സെന്റ് സേവ്യേഴ്സ് പള്ളി തൃക്കൊടിത്താനം


മർത്ത്മറിയം പള്ളി തുരുത്തി

# ചങ്ങനാശേരി അതിരൂപതയിലെ ഫൊറോന പള്ളികൾ




മർത്ത് മറിയം പള്ളി ചെങ്ങന്നൂർ



സെന്റ് ജോർജ്ജ് പള്ളി മുഹമ്മ










HOLY
BIBLE


സന്ദേശനിലയം
ചങ്ങനാശ്ശേരി